ഉത്തരം

(എ) മുൻ ഭരണസമിതിക്കെതിരെയുള്ള വിജിലൻസ് എൻക്വയറി റിപ്പോർട്ട്, വിജിലൻസ് ഡയറക്ടറുടെ ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടും നിർദ്ദേശങ്ങളും കമ്മിറ്റി പഠിച്ചു വരുന്നതായി ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ഭരണസമിതി അംഗങ്ങളിൽ ആരുടെ പേരിലും അന്വേഷണം നടത്തുന്നില്ല.

(സി&ഡി) ഹൈക്കോടതിയിൽ നിന്ന് ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാരുടെ ശമ്പളം

53 (1610) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ മലബാർ ഭാഗത്തുള്ള സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ ലഭിക്കുന്ന ശമ്പളം എത്രയാണ് ; അവർക്ക് ശമ്പള സ്കെയിൽ നിലവിലുണ്ടോ ;

(ബി) അവരുടെ ശമ്പള പരിഷ്ക്കരണത്തെയോ ശമ്പള വർദ്ധനവിനെയോ സംബന്ധിച്ച് ഹൈക്കോടതിയുടെ വിധിയുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് വിശദാംശം നൽകുമോ ;

(സി) ഉത്തരവ് എത്ര കാലത്തിനുള്ളിൽ നടപ്പാക്കണമെന്നാണ് ഹൈക്കോടതി നിർദ്ദേശിച്ചത് ;

(ഡി) ഈ നിർദ്ദേശം നടപ്പാക്കിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാർക്ക് സർക്കാർ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല.

(ബി-ഡി) സ്വകാര്യ ദേവസ്വങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തെകുറിച്ച് കോടതി ഉത്തരവിൽ ഒന്നും പറഞ്ഞിട്ടില്ല. ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിന്റെ കീഴിൽ വരുന്നതും അല്ലാത്തതുമായ പൊതു ക്ഷേത്രങ്ങളുടെ കാര്യമാണ് കോടതി വിധിയിൽ പരാമർശിച്ചിട്ടുള്ളത്.

ശ്രീവരാഹം ക്ഷേത്രവിശ്വാസികളോടുള്ള പക്ഷപാതപരമായ സമീപനം

54 (1611) ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ അയിത്തം നിലനിൽക്കുന്നുണ്ടോ ;

(ബി) തിരുവനന്തപുരം ഗ്രൂപ്പിലെ ശ്രീവരാഹം ക്ഷേത്രത്തിൽ അഭിഷേകത്തിന് കൊണ്ടുവരുന്ന പാൽ അഭിഷേകത്തിന് എടുക്കുന്നതിൽ പക്ഷപാതപരമായ സമീപനം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചിലർ കൊണ്ടുവരുന്ന അഭിഷേക സാധനങ്ങൾ പുറത്ത് പാത്രത്തിൽ പകർന്ന് മാറ്റുന്നത് എന്തു കാരണത്താലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത്തരം അയിത്തങ്ങളും പക്ഷപാതപരമായ നടപടികളും അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം സംബന്ധിച്ച് യാതൊരു പരാതിയും കിട്ടിയിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ക്ഷേത്രത്തിൽ അഭിഷേകം നടത്തുന്നതിനായി കൊണ്ടുവരുന്ന പൂജാദ്രവ്യങ്ങൾ വിശിഷ്യാപാൽ, അഭിഷേകം നടത്തുന്ന സൗകര്യത്തിലേക്ക് ദേവസ്വം വക പാത്രങ്ങളിൽ പകർന്ന് വയ്ക്കാറുണ്ടെന്നും ചെറിയ പാത്രങ്ങളിലാക്കി പലരും അഭിഷേകത്തിനുള്ള പാൽ കൊണ്ടുവരുന്നത് പതിവാകയാൽ, രാവിലെ 6 മണിക്ക് നടക്കുന്ന അഭിഷേകത്തിന് കൊണ്ടു വരുന്ന പാൽ ദേവസ്വംവക പാത്രത്തിൽ ശേഖരിച്ചശേഷം ഒരുമിച്ചാണ് അഭിഷേകം നടത്തുന്നതെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) 'എ' യുടെയും 'ബി' യുടെയും ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

വടശ്ശേരി മനയ്ക്കൽ വി.എൻ. കേശവൻ നമ്പൂതിരിക്ക് ആനുകൂല്യങ്ങൾ

55 (1612) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ നടുവിൽ മഠം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ കാര്യസ്ഥൻ ആയിരുന്ന പാലക്കാട് താലൂക്ക് കോങ്ങാടംശം പാറശ്ശേരി ദേശത്ത് വടശ്ശേരി മനയ്ക്കൽ വി. എൻ. കേശവൻ നമ്പൂതിരിക്ക് 1-1-1995 മുതൽ പുതുക്കിയ ശമ്പള നിരക്കിന് അർഹതയുണ്ടെന്ന് റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോഴ്സ്മെന്റ് (അഡ്മിനിസ്ട്രേഷൻ) വകുപ്പ് കമ്മീഷണറുടെ ആർ.പി. 11/99 നമ്പർ കേസിൻ മേലുള്ള 7-11-2000-ലെ എഫ്.ആർ. 4/6532/99 വിധിയിൽ ഉത്തരവായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിന് അതനുസരിച്ചുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുള്ളത് ; ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ അദ്ദേഹത്തിന് നൽകി ;

LIBRARY ARCHIVES Kerala Legislative Assembly